## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6417 03/04/2018-ന് മറുപടിക്ക്

## കബനി നദിയിലെ ജലം വയനാട് ജില്ലയിൽ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ.ആർ. കേളു | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കബനി നദിയിലെ ജലം പരമാവധി വയനാട് ജില്ലയിൽ ഉപയോഗപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത് ; വ്യക്തമാക്കാമോ ; | എ) കാവേരി നദീജല തർക്ക ട്രൈബ്യൂണൽ വിധി പ്രകാരം കബനി നദിയിൽ നിന്നും കേരളത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള 21 ടി.എം.സി ജലത്തിൽ, കാരാപ്പുഴ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള 2.8 ടി.എം.സിയിൽ 1.2 ടി.എം.സി ജലം കാരാപ്പുഴ ഡാമിൽ സംഭരിച്ച് ഉപയോഗപ്പെടുത്തുന്നുണ്ട്. ഭാഗികമായി പൂർത്തീകരിച്ച കാരാപ്പുഴ പദ്ധതിയിലൂടെ നിലവിൽ 601 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. പദ്ധതി പൂർത്തിയായാൽ 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയും. ബാണാസുര സാഗർ പദ്ധതിക്കായി കബനി നദിയിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള 0.84 ടി.എം.സി ജലം, പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും. കബനി ബേസിനിൽ ബാണാസുര സാഗർ ജലസംഭരണിയിൽ നിന്നും കക്കയം ജലസംഭരണിയിലേയ്ക്ക് ജലം തിരിച്ചു വിട്ട്, കെ.എസ്.ഇ.ബി, ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി വൈദ്യുതി ഉല്പാദിപ്പിച്ച ശേഷം പെരുവണ്ണാമൂഴി/കുറ്റ്യാടി ജലസംഭരണിയിൽ ശേഖരിച്ച് , ജലസേചനത്തിനും കൂടാതെ ജപ്പാൻ കുടി വെള്ള പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനും ജലം നൽകി വരുന്നു. കബനി ജലം |

| | | |
|---|---|---|
| | | ഉപയോഗപ്പെടുത്തുന്നതിനായി കടമാൻതോട്, ചുണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലംപതി, തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടുപുഴ എന്നിങ്ങനെ 7 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. |
| ബി) വയനാട് ജില്ലയിലെ വരൾച്ച പ്രതിരോധിക്കുന്നതിന് കബനി നദി ജലം പരമാവധി ഉപയോഗിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | ബി | കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതു കര. വലതുകര കനാലുകളിലൂടെ ജലസേചനം നടത്തി വരുന്നുണ്ട്. കനാൽ കടന്നു പോകുന്ന ഭാഗങ്ങളിലും സമീപ പ്രദേശങ്ങളിലും ഉള്ള കിണറുകൾ , കുളങ്ങൾ എന്നിവ റീചാർജ്ജ് ചെയ്യാനും അതു വഴി വരൾച്ചയെ ഒരു പരിധി വരെ പ്രതിരോധിക്കാനും സാധിക്കുന്നുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി കൽപ്പറ്റ മുൻസിപ്പാലിറ്റിയിലേയ്ക്ക് കുടിവെള്ളാവശ്യത്തിന് കാരാപ്പുഴയിൽ നിന്നുള്ള ജലം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനു പുറമെ മേൽപറഞ്ഞ ഏഴ് പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. |
| സി) മുടങ്ങിക്കിടക്കുന്ന ഏതെല്ലാം ജലസേചന പദ്ധതികളാണ് മാനന്തവാടി മണ്ഡലത്തിൽ ഉള്ളതെന്ന വിവരം ലഭ്യമാക്കാമോ ; | സി | മാനന്തവാടി മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഇല്ല. |
| ഡി) കൂടുതൽ ജലസേചന പദ്ധതികൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ? | ഡി | കാവേരി ജലം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനായി കബനി ബേസിനിൽ കടമാൻ തോട്, ചുണ്ടാലിപ്പുഴ. നൂൽപ്പുഴ, കല്ലംപതി, തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടു പുഴ എന്നിങ്ങനെ 7 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ കടമാൻ തോട്, ചുണ്ടാലിപ്പുഴ, നൂൽപ്പുഴ, പദ്ധതികളുടെ DPR തയ്യാറാക്കിയിട്ടുണ്ട്. മറ്റുള്ള പദ്ധതികൾ ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ ആവശ്യമാണെന്ന പക്ഷം അവ പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**